ഡയറ്റ് പാലക്കാട്

## Master Plan For Model School

സ്വാമിനാഥ വിദ്യാലയത്തിൽ 9/8/2017 ന് സ്കൂൾ വികസന സമിതി യോഗത്തിന്റെ മിനുറ്റ്സ്.

**ദർശനം**( Vision-2020 )

പാലക്കാട് ഡയറ്റിന്റെ ലാബ് സ്കൂളായ സ്വാമിനാഥ വിദ്യാലയം അന്താരാഷ്ട്ര നിലവാരമുള്ള മോഡൽ സ്കൂളാക്കി മാറ്റുക

**ദൌത്യം** (Mission)

സ്കൂൾ വികസന സമിതി വിപുലീകരിച്ച് വിവിധ സാധ്യതകൾ പ്രയോജനപ്പെടുത്തി വിവിധ പദ്ധതികളിലൂടെ ഇത് നേടിയെടുക്കുക

**നടന്ന പ്രവർത്തനങ്ങൾ**

- സ്കൂൾ പി.ടി.എ എം.ടി.എ ,എസ്.ആർ.ജി തുടങ്ങിയവയിൽ ആശയ രൂപീകരണ ചർച്ചകൾ
- സ്കൂൾ ജനറൽ ബോഡി യോഗത്തിൽ ആശയരൂപീകരണം
- പ്രതിനിധി സംഘം നിയോജകമണ്ഡലം എം.എൽ.എ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ,പഞ്ചായത്ത് പ്രസിഡന്റ് എന്നിവരെകണ്ട് സ്കൂളിന്റെ വികസന സങ്കൽപം അവതരിപ്പിക്കുന്നു
- എം.എൽ.എ , ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ്, ബ്ലോക്ക് പ്രസിഡന്റ് ,പഞ്ചായത്ത് പ്സിഡന്റ്,വാർഡ് മെമ്പർ ,സ്ഥലത്തെ പ്രധാന രാഷ്ട്രീയ പാർട്ടി പ്രവർത്തകർ, വിദ്യാഭ്യാസ പ്രവർത്തകർ, പൌരമുഖ്യർ എന്നിവരെ പങ്കെടുപ്പിച്ച് സ്കൂൾ വികസന സമിതി വിപുലീകരണവും മാസ്റ്റർ പ്ലാൻ രൂപീകരണ ചർച്ചയും നടത്തി.
- പി.ടി.എ ഉൾപ്പെടുന്ന പ്രത്യേക വികസന സമിതിക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കാനുള്ള ചുമതല നൽകി.
- കമ്മിറ്റി മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ ഈ രംഗത്ത് പ്രഗൽഭരായ പലരേയും സമീപിച്ചു. വലിയ തോതിൽ പണച്ചെലവില്ലാതെ ഇത് തയ്യാറാക്കിത്തരാൻ ചന്ദ്രൻ സർ എന്ന റിട്ട എഞ്ചിനീയറെ കണ്ടെത്തി. മാസ്റ്റർ പ്ലാൻ തയ്യാറാക്കാനുള്ള ആശയങ്ങൾ അവതരിപ്പിക്കാൻ 10/8/2017 ന് വികസനസമിതി യോഗം നടത്തി.

**മാസ്റ്റർ പ്ലാൻ ചർച്ചയിലെ തീരുമാനങ്ങൾ**

1. അക്കാദമികം, ഭൌതികം , സാമൂഹികം എന്നിങ്ങനെ മൂന്ന് മേഖലകളിലും സമഗ്ര മാറ്റം വിഭാവനം ചെയ്യുന്ന ഒട്ടേറെ പ്രവർത്തനങ്ങൾ ചർച്ചചെയ്തു.
2. നിലവിലെ കെട്ടിടങ്ങളിൽ പ്രാർത്ഥനാ ഹാൾ ഉൾപ്പെടെ പൈതൃക കെട്ടിടങ്ങൾ സംരക്ഷിക്കുകയും പാചകപ്പുര മുതൽ മേലോട്ട് മൂന്നു നില ക്ലാസ്സ് മുറികൾ, ചിൽഡ്രൺ പാർക്ക് ഉൾപ്പെടെ ആകർഷക സംരഭങ്ങൾ , വിശാലമായ ഭക്ഷണസശാല ഫലപ്രദമായ മാലിന്യസംസ്കരണം, മേൽക്കൂരയോട്ടു കൂടിയ ഓപ്പൺ ഓഡിറ്റോറിയം എന്നിങ്ങനെ വിവിധ പദ്ധതികൾ ദൌത്യത്തിന്റെ ഭാഗമാക്കാൻ ധാരണയായി. (വിശദമായ പദ്ധതി നിർദ്ദേശം -അനുബന്ധം)
3. ആഗസ്റ്റ് 25 ന് കരട് സ്കെച്ചും പ്ലാനും അവതരിപ്പിക്കും. ഇതുമായി രണ്ടാം വട്ട കൂടിക്കാഴ്ച്ച കൾ നടത്തും( എം.പി മാർ,എം.എൽ.എ,ജില്ലാ പഞ്ചായത്ത്)
4. ഇതിന്റെ അടിസ്ഥാനത്തിൽ വിപുലീകരിച്ച മാസ്റ്റർ പ്ലാനും, എസ്റ്റിമേറ്റ് തയ്യാറാക്കലും നടത്തും.
5. ആദ്യ നിർമ്മാണ പ്രവർത്തനങ്ങൾ ഏപ്രിൽ മാസം മുതൽ ആരംഭിക്കും വിധം പ്രവർത്തനങ്ങൾക്ക് വേഗതകൂട്ടും.

എക്സിക്യൂട്ടിവ് കമ്മിറ്റി തീരുമാനങ്ങൾ

- ആഗസ്റ്റ് 15 കലാ പരിപാടികൾ ഉൾപ്പെടെ വിപുലമായി ആഘോഷിക്കും. മുഴുവൻ കുട്ടികളും പങ്കെടുക്കാൻ വേണ്ട നിർദ്ദേശം നൽകണം.
- കുട്ടികൾക്ക് പായസം വിതരണം ചെയ്യും. ഇതിനുള്ള ഫണ്ട് 3000 രൂപ കമ്മിറ്റി അംഗങ്ങളുടെ സഹകരണത്തോടെ കണ്ടെത്തി. പായസം തയ്യാറാക്കുന്നത് പി.ടി.എ , എം.ടി എ അധ്യാപക കൂട്ടായ്മയിലാണ്.

- സെപ്റ്റംബർ 19 ന് സി.പി.ടി.എ റിസൾട്ട് വിശകലനം ,മാസ്റ്റർ പ്ലാൻ വിഷൻ എന്നിവയോടെ മോഡ്യൂൾ വെച്ച് വിപുലമായി ചേരണം
- പങ്കാളിത്തം കുറഞ്ഞുപോകുന്നതായി അധ്യാപകർ സൂചിപ്പിച്ചു. ഇത് പരിഹരിക്കാൻ നാലുതരം പ്രവർത്തനങ്ങൾ നടത്താൻ ധാരണയായി
    1. ബിറ്റ് നോട്ടീസ് ഒരാഴ്ച മുമ്പ് വിതരണം ചെയ്യണം ( മുൻകൂട്ടി തയ്യാറെടുക്കാൻ)
    2. തലേന്ന് നോട്ടു ബുക്കിൽ കുറിപ്പ് നൽകണം
    3. രക്ഷിതാക്കളുടെ സഹായത്തോടെ ആളുകളെ അവരവരുടെ ക്ലാസ്സിലെ രക്ഷിതാക്കളെ അറിയിക്കുകയും പ്രേരിപ്പിക്കുകയും ചെയ്യുക
    4. വാട്സ് ആപ് ഗ്രൂപ്പ് രൂപികരിച്ച് അറിയിപ്പ് ശീലമാക്കുക ( ഒന്നാം ഘട്ടം - കഴിയുന്ന ക്ലാസ്സുകളിൽ)
- ബസ് ജീവനക്കാർക്കും,ഉച്ചഭക്ഷണ ജീവനക്കാർക്കും പരിശീലന ക്ലാസ്സ് നൽകും

**11/08/2017 എസ്.ആർ.ജി മോഡ്യൂൾ ഫ്രെയിം**

സെഷൻ ഒന്ന് - ക്ലസ്റ്റർ പരിശീലനം അവലോകനം ,ഓരോ ക്ലാസ്സുകാർ ക്ലസ്റ്ററിൽ നടന്ന ഓരോ സെഷനിലേയും പ്രധാന ആശയങ്ങളും ,വിദ്യാലയത്തിൽ നടത്തേണ്ട തുടർപ്രവർത്തനങ്ങളും അവതരിപ്പിക്കൽ

സെഷൻ രണ്ട്

വിദ്യാലയ വികസന സമിതിയോഗം, പി.ടി.എ എക്സിക്യൂട്ടീവ് യോഗതീരുമാനങ്ങൾ മിനുറ്റ്സ് വായനയും ചർച്ചയും

സെഷൻ മൂന്ന്

വിദ്യാലയത്തിലെ നൂതന പ്രവർത്തനങ്ങൾ (ക്ലാസ്സ് ലൈബ്രറി, നാലാം ക്ലാസ്സിലെ രക്ഷിതാക്കൾക്കുള്ള വാട്സ് ആപ്പ് കൂട്ടായ്മ) അനുഭവ അവതരണം

സെഷൻ നാല്

വിദ്യാലയത്തിൽ ക്ലസ്റ്ററിനെ തുടർന്ന് നടത്തേണ്ട പ്രവർത്തനങ്ങൾ തീരുമാനിക്കലും ആസൂത്രണവും

എച്ച് എം. ഇൻ ചാർജ്ജ് | പ്രിൻസിപ്പൽ

ഡയറ്റ് പാലക്കാട് –സ്വാമിനാഥ വിദ്യാലയം
11/8/2017 ന് നടന്ന എസ്.ആർ.ജി യോഗത്തിന്റെ മിനുറ്റ്സ്

സെഷൻ ഒന്ന്– അവലോകനം

ആഗസ്റ്റ് 5 ക്ലസ്റ്റർ പങ്കാളിത്തം – അഞ്ച് അധ്യാപകർ അത്യാവശ്യ കാര്യങ്ങൾക്കായി ലീവ് എടുത്തു. 4 പേർ പി.എസ്.സി പരീക്ഷ എഴുതാൻ പോയി .മൊത്തം 9 പേർ ക്ലസ്റ്ററിൽ പങ്കെടുത്തില്ല.

ക്ലസ്റ്ററിലെ ഓരോ സെഷനുകളിലും ചർച്ചചെയ്ത ആശയങ്ങളും തീരുമാനങ്ങളും അവതരിപ്പിക്കാൻ ഓരോ ക്ലാസ്സുകാർക്ക് ചുമതല നൽകിയിരുന്നു. അതനുസരിച്ച് ഒന്നാം സെഷൻ വിശദാംശങ്ങൾ ഒന്നാം ക്ലാസ്സിലെ അധ്യാപകർ അവതരിപ്പിച്ചു.

മൂല്യ നിർണയ സമീപനം, ചോദ്യബാങ്ക് നിർമ്മാണ പുരോഗതിയും അനുഭവങ്ങളും ഏഴാം ക്ലാസ്സുകാർ അവതരിപ്പിച്ചു

സമഗ്ര പോർട്ടൽ ആശയങ്ങൾ നൽകിയ മൂന്നാം സെഷന്റെ ക്രോഡീകരിച്ച അവതരണം മൂന്നാം ക്ലാസ്സുകാർ നടത്തി.

സി.പി.ടി.എ എങ്ങനെ സംഘടിപ്പിക്കണം .കൂടുതൽ രക്ഷിതാക്കളെ എങ്ങനെ സി.പി.ടി എ യിൽ വരുത്താം അതിനുള്ള വഴികളെന്ത് ? ഈ ആശയങ്ങൾ നാലാംക്ലാസ്സുകാർ അവതരിപ്പിച്ചു

അടുത്തുതന്നെ ഏറ്റെടുക്കേണ്ട മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ് പരിപാടികളെകുറിച്ച് രണ്ടാം ക്ലാസ്സുകാർ അവതരിപ്പിച്ചു.

**വിലയിരുത്തൽ**

- മികച്ച ഒരു പോർട്ട് ഫോളിയോ അവതരിപ്പിച്ച് ശ്രദ്ധ നേടാൻ വിദ്യാലയത്തിനു കഴിഞ്ഞില്ല.
- പ്രതികരണങ്ങൾ ദർബ്ബലമായിരുന്നു. മൂല്യനിർണയ സമീപനം , സി.പി.ടി.എ , എസ്.എസ്.എ പരിപാടികൾ ,സമഗ്ര എന്നിവയുടെ ആശയരൂപീകരണം വേണ്ടത്ര നടന്നില്ല എന്ന് പ്രതികരണങ്ങളിൽ നിന്ന് മനസ്സിലാക്കാം

സെഷൻ രണ്ട് – വിദ്യാലയ വികസന സമിതി എക്സിക്യൂട്ടീവ് യോഗത്തിന്റെ മിനുറ്റ്സ് എന്നിവ വായനയും ചർച്ചയും ഫലപ്രദമായി. മെറ്റീരിയൽ വായിച്ചതുവഴി മാസ്റ്റർ പ്ലാൻ വിശദമായി മനസ്സിലാക്കാനും ചർച്ചയിൽ പങ്കെടുക്കാനും എല്ലാവർക്കും കഴിഞ്ഞു. ഈ സെഷനിൽ അധ്യാപികാധ്യാപകർ മികച്ച പ്രതികരണങ്ങളാണ് നടത്തിയത്. മരത്തണലുകളിൽ വായനാ ഇടങ്ങളും, മാലിന്യസംസ്കരണ പരിപാടി ഉൾപ്പടുത്തേണ്ടതിന്റെ ആവശ്യവും ഉന്നയിച്ചു.

**വിലയിരുത്തൽ**

- വായനാ സാമഗ്രികൾ നൽകി ചർച്ച നയിക്കുമ്പോൾ ചർച്ച സജീവമാകുന്നു.
- എസ്.ആർ.ജി യുടെ സമയം ക്രമപ്പെടുത്താനും ധാരണകൾ വേഗത്തിൽ ലഭ്യമാകാനും വായനാ സാമഗ്രി സഹായിക്കുന്നു.

സെഷൻ മൂന്ന് – നൂതന പ്രവർത്തനങ്ങൾ പങ്കുവെക്കൽ

ഞാൻ ക്ലാസ്സ് ലൈബ്രറി കാര്യം സി.പി.ടി എ യിൽ ചർച്ച ചെയ്തു.അന്നുതന്നെ 530 രൂപ രക്ഷിതാക്കൾ പുസ്തകം വാങ്ങാനായി ഏൽപ്പിച്ചു. രക്ഷിതാക്കളുടെ സഹായത്തോടെ ഇപ്പോൾ എല്ലാ സാഹിത്യ ശാഖകളിലുമായി 13 പുസ്തകങ്ങളുള്ള ക്ലാസ്സ് ലൈബ്രറി പ്രവർത്തിച്ചു വരുന്നു. ആദ്യഘട്ടത്തിൽ ഞാൻ വായനാകുറിപ്പ് ആവശ്യപ്പെട്ടില്ല.കാരണം എന്റെ കുട്ടികൾ യതൊരു ഉപാധിയും ഇല്ലാതെ വായിച്ചു തുടങ്ങട്ടെ ക്രമേണ ഞാൻ വായനയുടെ തലങ്ങളും തുടർസാധ്യതകളും പറഞ്ഞുകൊടുക്കും

നസീം ടീച്ചർ നാലാം ക്ലാസ്സ് അനുഭവം

എന്റെ ക്ലാസസിൽ 50 പുസ്തകങ്ങളായി.ഞാൻ ഓരോ കുട്ടിയും രണ്ടു പുസ്തകം സംഭാവന നൽകണമെന്നാണ് സി.പി.ടി.എ യിൽ പറഞ്ഞത്. ഇപ്പോൾ വായനാകാർഡുകൾ നൽകാനാണ് തീരുമാനം

ശ്രീജ ഒന്നാം ക്ലാസ്സ്

രക്ഷിതാക്കളുടെ ഇടപെടൽ വഴി 100 പുസ്തകങ്ങൾ ശേഖരിച്ചുകഴിഞ്ഞു. ക്ലാസ്സ് ലൈബ്രറി എന്ന ആശയത്തിന് നല്ല പ്രതികരണമാണ് ഉണ്ടായത്.

ബിൻസി , അഞ്ചാംക്ലാസ്സ്

45 കുട്ടികളെ ദിവസവും പരിഗണിക്കുക പഠന പ്രവർത്തനങ്ങൾ വിലയിരുത്തുക എന്നത് വലിയ പ്രയാസമുള്ള കാര്യമാണ്.ഞാൻ ഇപ്പോൾ ഒരു വാട്സ് ആപ് ഗ്രൂപ്പ് രൂപീകരിച്ചു. ഏഴ് കുട്ടികളുടെ രക്ഷിതാക്കൾ ഒഴികെ ബാക്കിയെല്ലാവരും അതിൽ അംഗങ്ങളായി.ഞാൻ ദിവസവും അന്നന്നു പഠിപ്പിച്ച കാര്യങ്ങളും നാളെ ചെയ്യുവരേണ്ട ചുമതലകളും വാട്സ് ആപ്പിലൂടെ രക്ഷിതാക്കൾക്കു നൽകും. എന്താണ് ഇന്ന് പഠിപ്പിച്ചതെന്ന് കുട്ടികളോടു ചോദിക്കുമ്പോൾ ഒരുന്തവും കിട്ടാറില്ലെന്നും ഇപ്പോൾ ടീച്ചർ നൽകുന്ന വാട്സ് ആപ് സൂചനവെച്ച് ചോദിക്കുമ്പോൾ കുട്ടികൾ ഓർത്തു പറഞ്ഞുകൊടുക്കാറുണ്ടെന്നും രക്ഷിതാക്കൾ സന്തോഷത്തോടെ പറയുന്നു. ടീച്ചർ

വീട്ടിലേക്ക് നാളെ ചെയ്യവരേണ്ട ഹോം വർക്ക് അറിയിക്കുന്നതുകൊണ്ട് ഞങ്ങൾക്ക് പണി കൂടിയെന്ന് കുട്ടികളും പറയുന്നു. ഞാൻ ഒരു മണിക്കൂർ ഓൺലൈനായി അമ്മമാരോട് പഠനകാര്യങ്ങൾ ചർച്ച ചെയ്യാറുണ്ട്.നാലാം ക്ലാസ്സിൽ പത്തായം എന്ന പാഠമുണ്ട്. ആരോക്കെ പത്തായം കണ്ടിട്ടുണ്ട് എന്ന ചോദ്യത്തിന് നാലഞ്ചുപേരാണ് പ്രതികരിച്ചത് ! എവിടന്നു കണ്ടു എന്നതിന് വീട്ടിലുണ്ട് എന്നായിരുന്നു ഉത്തരം . എങ്കിൽ പത്തായം കാണാത്തവർക്കായി വീട്ടിലുള്ളവർ അതിന്റെ ഫോട്ടോ വാട്സ് ആപ്പിൽ ഇടുമോ എന്ന് ഞാൻ ചോദിച്ചു.അന്നുതന്നെ അവരൊക്കെ പത്തായത്തിന്റെ ചിത്രം വാട് സ് ആപ്പിൽ ഇട്ടു. കാണാത്തവർക്ക് നാല് പത്തായത്തിന്റെ ചിത്രം അതോടെ കാണാനായി. കുറച്ചു ദോഷങ്ങളുണ്ടെങ്കിലും എനിക്ക് ഇത് നല്ലൊരു രക്ഷാകർതൃ വിദ്യാഭ്യാസ ഉപാധിയാണ്

സുധിമ നാലാംക്ലാസ്സ്

പ്രത്യേക അഭിനന്ദനങ്ങൾ അർഹിക്കുന്ന നല്ല അനുഭവങ്ങളാണ് പങ്കുവെച്ചത്. ഈ മാതൃകയിൽ ക്ലാസ്സ് ലൈബ്രറി പ്രവർത്തനങ്ങൾ എല്ലാ ക്ലാസ്സിലും നടന്നു വരുന്നു.

സെഷൻ നാല് - ആസൂത്രണം തീരുമാനങ്ങൾ

1. സമഗ്രയിലേക്ക് ഓരോ അധ്യാപകരും രണ്ടു ചോദ്യം വീതം നിർമ്മിച്ചു നൽകണം ഇത് ഉപയോഗിച്ച് ഓരോ ക്ലാസ്സുകാരും കുട്ടികൾക്ക് പരിശീലനം നൽകണം. ഈ ചോദ്യങ്ങൾ സമഗ്രയിലേക്ക് അപ് ലോഡു ചെയ്യാൻ ഒരു കമ്മിറ്റിയെ നിയോഗിക്കും. 16/8/2017 ന് ഈ ചോദ്യങ്ങൾ ഹെഡ് മാസ്റ്റർ ചുമതലയുള്ള മണികണ്ഠൻ മാസ്റ്ററെ ഏൽപ്പിക്കണം.
2. സെപ്റ്റംബർ 19 ന് സി.പി.ടി നടത്തും. നാല് തരം അറിയിപ്പുകൾനൽകണം. ബിറ്റ് നോട്ടീസ് ഒരാഴ്ച മുമ്പ് നൽകുക. രണ്ടുദിവസം മുമ്പ് ഡയറിയിൽ അറിയിപ്പ് കുറിപ്പിക്കുക, നേതൃത്വം വഹിക്കുന്ന പി.ടി.എ ,എം.ടി.എ അംഗങ്ങളെ ചുതലപ്പെടുത്തി വിവരം അറിയിക്കുകയും പങ്കെടുക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുക. കഴിയുന്നത്ര ക്ലാസ്സുകളിൽ വാട്സ് ആപ് ഗ്രൂപ്പ് രൂപീകരിച്ച് വിവരം നൽകുക. ഈ സി.പി.ടി.എ യിൽ കുട്ടികളുടെ പരീക്ഷാ പ്രകടനങ്ങളുടെ വിശകലനം നടത്തണം അതിന് പേപ്പർ നോക്കൽ നേരത്തെകഴിക്കണം.സമഗ്ര സ്കൂൾ വികസന പരിപാടികൾ അവതരിപ്പിക്കണം.
3. അക്കാദമിക മുന്നേറ്റപരിപാടിയുടെ ഭാഗമായി ഓണാവധിക്കുശേഷം മലയാളത്തിളക്കം,ഗണിതം മധുരം, ക്ലാസ്സ് പരീക്ഷണ ശാല , ഇംഗ്ലീഷ് പരിപോഷണ പരിപാടി എന്നിവ നടപ്പാക്കും.ചുമതല വിവിധ വിഷയ ഗ്രൂപ്പുകൾക്ക് നൽകാനും ധാരണയായി.
4. ആഗസ്റ്റ് 15 ന് കലാ പരിപാടിളോട്ടു കൂടിയ സ്വാതന്ത്ര്യദിനാഘോഷം,പായസ വിതരണം, ക്ലാസ്സ് തല സ്വാതന്ത്ര്യദിന ക്വിസ്സ്, മൂന്നാം ക്ലാസ്സു മുതൽ തെരഞ്ഞെടുക്കുന്ന 3 പേരെ പങ്കെടുപ്പിച്ച് മൾട്ടീ മീഡിയ മെഗാ ക്വിസ്സ് ക്ലാസ്സ് ഒന്നാം സ്ഥാനക്കാരായ വിജയികൾക്ക് ( 25 പേർക്ക്) പുസ്തക സമ്മാനം. ഹാളിൽ സ്വാതന്ത്ര്യ സമര പ്രദർശനം.ഒന്നു മുതൽ എല്ലാ ക്ലാസ്സിലും സ്വാതന്ത്ര്യദിന പരിപാടികൾ എന്നിവ നടത്താൻ തീരുമാനിച്ചു.
5. സ്കൂൾ കായികമേള സെപ്റ്റംബർ 18 ,19 തിയ്യതികളിൽ നടത്താൻ തീരുമാനിച്ചു.

1.

പ്രിൻസിപ്പൽ ഡയറ്റ് പാലക്കാട്